പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3257

29.01.2014-ൽ മറുപടിയ്ക്ക്

## വാഴക്കാട് ഗ്രാമപഞ്ചായത്ത് വി.ഇ.ഒ. പണാപഹരണം നടത്തിയെന്ന പരാതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | വാഴക്കാട് ഗ്രാമപഞ്ചായത്ത് വി.ഇ.ഒ.യും ഇംപ്ലിമെന്റ് ഓഫീസറും ആയിരുന്ന ഷിബുസ്ക്കോ ഗ്രാമ പഞ്ചായത്തിലെ 2012-2013 വാർഷിക പദ്ധതിയിൽ ഗ്രാമസഭ തെരഞ്ഞെടുത്ത ഇന്ദിര ആവാസ് യോജന ഭവന നിർമ്മാണം, പഞ്ചായത്ത് ഭവന നിർമ്മാണം എന്നിവയിലെ ഗുണഭോക്താക്കളെ കബളിപ്പിച്ച് 68 ലക്ഷം രൂപ പണാപഹരണം നടത്തിയെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇദ്ദേഹത്തിനെതിരെയുള്ള പ്രസ്തുത പരാതിയിന്മേലുള്ള അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (ബി) | മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്ത് വി..ഇ;ഒ. ശ്രീ.പി.എം.ഷിബുസ്ക്കോ 2011-2012, 2012-13 വർഷങ്ങളിൽ നടത്തിയ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ടി വിഷയം സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്ന് |

| | |
|---|---|
| | തീരുമാനിക്കുകയും ബന്ധപ്പെട്ട ഫയൽ വിജിലൻസ് വകുപ്പിന് കൈമാറുകയും, ടി വകുപ്പ്, ഈ വിഷയത്തിന്മേൽ വിജിലൻസ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും അനുബന്ധ രേഖകൾ കൈമാറുകയും ചെയ്തിട്ടുണ്ട്. |
| (സി) പണാപഹരണം നടത്തിയ വി.ഇ.ഒ.യിൽ നിന്നും പണം വീണ്ടെടുത്ത് നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) വിജിലൻസ് അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ